**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4486** **18-03-2025 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ ദേവസ്വം ബോർഡിലെ അഡ്മിനിസ്ട്രേറ്റർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ ദേവസ്വം ആക്റ്റും ചട്ടവും പ്രകാരം ബോർഡിലെ അഡ്മിനിസ്ട്രേറ്റർ തസ്തികയുടെ യോഗ്യത എന്താണെന്ന് വിശദമാക്കുമോ; | (എ) | ഗുരുവായൂർ ദേവസ്വം ആക്റ്റിന്റെ ചാപ്റ്റർ III, സെക്ഷൻ 14 പ്രകാരം അഡ്മിനിസ്ട്രേറ്ററുടെ നിയമനം സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.<br><br>" 14. Appointment of Administrator .- (1) The Committee shall appoint an officer of Government not below the rank of Deputy Collector to be the Administrator for the Devaswom, from among a panel of names furnished by the Government.<br><br>(2) No person shall be appointed under sub-section (1) unless he professes the Hindu Religion and believes in temple worship.<br><br>(3) The Administrator appointed under the Guruvayoor Devaswom Act, 1971 (6 of 1971), and holding office at the commencement of this Act, Shall, until the appointment of an Administrator under sub section (1) or until the expiry of a period of three months from such commencement, whichever is earlier, be deemed to be the Administrator appointed under sub section (1) " |
| (ബി) | നിലവിലുള്ള അഡ്മിനിസ്ട്രേറ്ററുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ അഡ്മിനിസ്ട്രേറ്റർ നിയമനത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br>ഗുരുവായൂർ ദേവസ്വം ആക്റ്റ് സെക്ഷൻ 14(1) പ്രകാരം പാനൽ ക്ഷണിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരുടെ അപേക്ഷ ക്ഷണിച്ച് കൊണ്ട് സർക്കാർ പത്ര പരസ്യം നൽകി നടപടി സ്വീകരിച്ചിരുന്നു. |
| (സി) | നിലവിലുള്ള അഡ്മിനിസ്ട്രേറ്റർ വിരമിക്കുന്ന മുറയ്ക്ക് പുനർനിയമനം നൽകുവാനുള്ള നീക്കം | (സി) | ഗുരുവായൂർ ദേവസ്വത്തിൽ അഡ്മിനിസ്ട്രേറ്ററായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 07.10.2021 മുതൽ |

| | | | |
|---|---|---|---|
| | നടക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിജസ്ഥിതി വിശദമാക്കാമോ? | | ജോലി ചെയ്തു വരുന്ന ഉദ്യോഗസ്ഥൻ 31/05/2025 ൽ സേവനത്തിൽ നിന്ന് വിരമിക്കുന്ന സാഹചര്യത്തിൽ ടിയാന്റെ സേവനം ഗുരുവായൂർ ദേവസ്വത്തിൽ തുടർന്നും ഉണ്ടായിരിക്കുന്നത് അഭികാമ്യമാണെന്ന് 19.12.2024 ലെ 69 ആം നം. തീരുമാന പ്രകാരം വിലയിരുത്തിയ ഭരണസമിതി സേവന കാലാവധി ഗുരുവായൂർ ദേവസ്വം ആക്ട് അനുസരിച്ച് ഡെപ്യൂട്ടി കളക്ടർ പദവി നിലനിർത്തിക്കൊണ്ട് ടിയാൻ വിരമിക്കുന്ന തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക് KSR Part III Rule 100 പ്രകാരം ദീർഘിപ്പിക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതിനായി ഗുരുവായൂർ ദേവസ്വം ചെയർമാൻ അപേക്ഷിച്ചിരുന്നു. ആയത് നിലവിൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ